Kindly update in the website

# കണ്ണൂർ സർവ്വകലാശാല

(സംഗ്രഹം)

കണ്ണൂർ സർവകലാശാല -അക്കാദമിക് എഫ് വിഭാഗം-സേവന നിരക്കുകളിൽ 5% വർദ്ധനവ് വരുത്തി -ഉത്തരവായി

---

## അക്കാദമിക് എഫ് സെക്ഷൻ

സ.ഉ.നം.അക്കാദ്.എഫ്1/1683/16 സിവിൽസ്റ്റേഷൻ പി.ഒ. തിയ്യതി 04/05/2018

---

പരാമർശം: 1) സ.ഉ.(അച്ചടി) നം.44/2018/ധന തിയ്യതി 17/03/2018
2) നം.744947/ RMCI/15/2018/ധന. തിയ്യതി 21/03/2018

## ഉത്തരവ്

1) പരാമർശം 1 പ്രകാരം അധിക വിഭവ സമാഹരണത്തിന്റെ ഭാഗമായി വിവിധ സർക്കാർ വകുപ്പുകൾ,പൊതുമേഖല/ഗ്രാൻറ് ഇൻ എയ്ഡ് സ്ഥാപനങ്ങൾ എന്നിവ മുഖേനയുള്ള എല്ലാ സേവനങ്ങൾക്കുമുള്ള നിലവിലെ ഫീസുകൾ/ചാർജുകൾ എന്നിവയിൽ 01/04/2018 മുതൽ അഞ്ച് ശതമാനം വരുത്തി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. നിലവിലെ എല്ലാ നിരക്കുകളിലും അഞ്ച് ശതമാനം വർദ്ധനവ് വരുത്തിയ തുക അഞ്ച് രൂപയുടെ ഗുണിതമായ തുകയല്ലെങ്കിൽ, തൊട്ടടുത്ത അഞ്ചിന്റെ ഗുണിതമായ തുക പുതുക്കിയ നിരക്കായി നിശ്ചയിക്കേണ്ടതാണെന്നും തീരുമാനിച്ചിട്ടുണ്ട്.

2) പരാമർശം 2 പ്രകാരം ബന്ധപ്പെട്ട വകുപ്പുകൾ മേൽ ഉത്തരവനുസരിച്ചുള്ള വർദ്ധനവ് വരുത്തിയുള്ള നടപടിക്രമത്തിന്റെ പകർപ്പ് 31/03/2018 ന് മുൻപായി സർക്കാരിലേക്ക് ലഭ്യമാക്കാൻ ആവശ്യപ്പെട്ടിട്ടുണ്ട്.

3) പരാമർശം 1 പ്രകാരമുള്ള ഉത്തരവിന്റെ അടിസ്ഥാനത്തിൽ അക്കാദമിക് എഫ് വിഭാഗവുമായി ബന്ധപ്പെട്ട സേവന നിരക്കുകൾ താഴെ പറയുന്നു.

മറുപുറം

| ക്രമ നം. (1) | അക്കാദമിക് എഫ് വിഭാഗവുമായി ബന്ധപ്പെട്ട സേവനങ്ങൾ (2) | നിലവിലുള്ള ചാർജ്ജ് (3) | പുതുക്കിയ ചാർജ്ജ് (5% വർദ്ധനവ് വരുത്തിയ ശേഷം) (4) | തൊട്ടടുത്ത അഞ്ചിൻെറ ഗുണിതത്തിലേക്ക് മാറ്റിയത് (5) |
|---|---|---|---|---|
| 1 | പ്രൊഫഷണൽ കോഴ്സുകളുടെ തുല്യതാ/അംഗീകാര സർട്ടിഫിക്കറ്റിനുള്ള ഫീസ് | 450 | 472.5 | 475 |
| 2 | നോൺ പ്രൊഫഷണൽ കോഴ്സുകളുടെ തുല്യതാ/അംഗീകാര സർട്ടിഫിക്കറ്റിനുള്ള ഫീസ് | 250 | 262.5 | 265 |
| 3 | വിവിധ പഠന വകുപ്പുകളിലേക്ക് ഇൻറർവ്യൂവിന് പങ്കെടുക്കാനുള്ള ഫീസ് | 200 | 210 | 210 |
| 4 | മെമ്മോ ചാർജ്ജ് | 60 | 63 | 65 |

4) മേൽ കാര്യങ്ങൾ പരിഗണിച്ചു കൊണ്ട് അക്കാദമിക് എഫ് വിഭാഗവുമായി ബന്ധപ്പെട്ട സേവനങ്ങൾക്ക് മേൽ പട്ടികയിലെ കോളം 5 പ്രകാരമുള്ള പുതുക്കിയ നിരക്ക് ഈടാക്കാൻ ബഹു.വൈസ് ചാൻസലർ ഉത്തരവായിട്ടുണ്ട്.

5) ഇപ്രകാരം ഉത്തരവിറക്കിയിരിക്കുന്നു.

ഒപ്പ്/-
**ജോയിൻറ് രജിസ്ട്രാർ**
**(അക്കാദമിക് വിഭാഗം)**
**രജിസ്ട്രാർക്ക് വേണ്ടി**

<u>പകർപ്പ്</u>:
വി.സി.യുടെ പി.എസ്., പ്രോ.വി.സി.യുടെ/രജിസ്ട്രാറുടെ/പരീക്ഷാകൺട്രോളറുടെ/ഫിനാൻസ് ഓഫീസറുടെ പി.എ.മാർ, ജെ.ആർ.(അക്കാദ്.), ജെ.ആർ.(ഭരണവിഭാഗം), ഡി.ആർ.(ധനകാര്യവിഭാഗം), കെ.എസ്.എ.ഡി., സ്റ്റോക്ക് ഫയൽ/ഡേ ഫയൽ/ഫയൽ കോപ്പി.

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**